# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം

നിയമസഭാ ചോദ്യം നമ്പർ: 553 — 29.05.2019 ലെ മറുപടിയ്ക്ക്

**<u>കോട്ടയ്ക്കൽ സബ് ട്രഷറിയ്ക്ക് പുതിയ കെട്ടിടവും സ്ഥലവും</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ഡോ. റ്റി.എം. തോമസ് ഐസക്<br>ബഹു. ധനകാര്യവും കയറും വകുപ്പ മന്ത്രി |

| | | |
|---|---|---|
| (എ) | കോട്ടയ്ക്കൽ സബ് ട്രഷറിയ്ക്ക് പുതിയ കെട്ടിടവും സ്ഥലവും അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യവകുപ്പും ട്രഷറി ഡയറക്ടറും സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ ഭാഗമായി എല്ലാ ട്രഷറികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ വകുപ്പ് തീരുമാനിച്ചിട്ടുള്ളതിനാൽ കോട്ടയ്ക്കൽ സബ് ട്രഷറിയ്ക്ക് പുതിയ കെട്ടിടവും സ്ഥലവും അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കോട്ടയ്ക്കലിൽ രജിസ്ട്രേഷൻ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം ലഭ്യമാക്കുന്നതിനായി മലപ്പുറം ജില്ലാ ട്രഷറി ഓഫീസർ രജിസ്ട്രേഷൻ വകുപ്പിനെ സമീപിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | രജിസ്ട്രേഷൻ വകുപ്പിന്റെ അധീനതയിലായിരുന്ന പ്രസ്തുത സ്ഥലത്തിന്റെ കൈമാറ്റം സംബന്ധിച്ച് പ്രസ്തുത വകുപ്പ മേധാവിയിൽ നിന്നും ട്രഷറി വകുപ്പിന് എന്തെങ്കിലും മറുപടി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | ഇല്ല. |
| (സി) | കോട്ടയ്ക്കൽ സബ് ട്രഷറിയുടെ ശോചനീയാവസ്ഥ പരിഗണിച്ച് പുതിയ കെട്ടിടത്തിനും സ്ഥലത്തിനും വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ? | രജിസ് ട്രേഷൻ വകുപ്പിൽ നിന്നും സ്ഥലം ട്രഷറി വകുപ്പിന് കൈമാറി കിട്ടുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**